54/DGE/HSE/NSS/2021

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം<br>
ഹയർസെക്കണ്ടറി വിഭാഗം<br>
ഹൗസിങ് ബോർഡ് ബിൽഡിംഗ്<br>
ശാന്തി നഗർ, തിരുവനന്തപുരം<br>
തീയതി : 06.08.2021

## സർക്കുലർ

### ‘Azadi Ka Amritha Mahotsav’

സൂചന : എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറുടെ ഇ.മെയിൽ 05.08.2021

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച ശേഷം എഴുപത്തിയഞ്ച് വർഷം പൂർത്തിയാവുകയാണല്ലോ. ഈ മഹത്തായ സ്വാതന്ത്ര്യദിനത്തിൽ കേന്ദ്രകായിക യുവജന മന്ത്രാലയം ‘Let us sing National Anthem’ എന്ന കാമ്പയിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഹയർസെക്കന്ററി എൻ.എസ്.എസ്. യൂണിറ്റുകളും ആഗസ്റ്റ് 14 വരെ നീണ്ടുനിൽക്കുന്ന ഈ കാമ്പയിന്റെ ഭാഗമാകേണ്ടതാണ്.

http://rashtrgaan.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ലളിതമായ ഘട്ടങ്ങളിലൂടെ കടന്ന് ദേശീയഗാനം ആലപിക്കുകയും പ്രസ്തുത വീഡിയോ പ്രസ്തുത സൈറ്റിലേക്കു തന്നെ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അപ്‌ലോഡിംഗ് പൂർത്തിയാക്കി കഴിഞ്ഞാൽ ഉടൻതന്നെ ഈ കാമ്പയിന്റെ ഭാഗമായതിന് കേന്ദ്ര സംസ്ക്കാരിക മന്ത്രാലയം നൽകുന്ന സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ദേശീയഗാനം ആലപിക്കുന്ന ഫോട്ടോ/വീഡിയോ എന്നിവ പരമാവധി സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കേണ്ടതാണ്.

സ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ ഇന്ത്യയിലെ പരമാവധി ജനങ്ങൾ ഒരുമിച്ച് ദേശീയഗാനം ആലപിക്കുന്നതിനുവേണ്ടി രൂപം കൊടുത്ത കാമ്പയിന് മുഴുവൻ വോളണ്ടിയർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും പങ്കാളിത്തം ഉണ്ടാകണം.

ദേശീയഗാനം മുന്നോട്ടു വയ്ക്കുന്ന നാനാത്വത്തിൽ ഏകത്വമെന്ന ആശയവും ഇന്ത്യൻ ദേശീയതയുടെ പ്രത്യേകതകളും വോളന്റിയർമാരിൽ ഉറപ്പിക്കുന്ന തനതു കാമ്പയിനുകളും കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിക്കേണ്ടതാണ്.


ഡോ. ജേക്കബ് ജോൺ

പ്രോഗ്രാം കോ-ഓർഡിനേറ്റർ